II ഇ.ബി. XII- കേരള നിയമസഭ/XIV-11

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

**ചോദ്യോത്തരങ്ങൾ – സംഗ്രഹം**

2010 മാർച്ച് 16, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

35 (*301) വനവൽക്കരണ പദ്ധതികൾ

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം) നൽകിയ മറുപടിയിൽ, വനം വകുപ്പ് എന്റെ മരം, നമ്മുടെ മരം, വഴിയോരതണൽ, ഹരിതതീരം, ഹരിതകേരളം എന്നീ പദ്ധതികൾക്കുപുറമേ തേക്ക് തോട്ടങ്ങളും പൾപ്പ്വുഡ് തോട്ടങ്ങളും ഘന മരത്തോട്ടങ്ങളും മുള ത്തോട്ടങ്ങളും ഔഷധ വൃക്ഷത്തോട്ടങ്ങളും വച്ചുപിടിപ്പിക്കുന്ന പദ്ധതികളും ദേശീയ വനവൽക്കരണ പരിപാടിയും നടപ്പിലാക്കി വരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. നടപ്പുസാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതികൾ പ്രകാരം 575 ഹെക്ടർ തേക്കുതോട്ടം, 462 ഹെക്ടർ പൾപ്പ്വുഡ് തോട്ടം, 168 ഹെക്ടർ ഔഷധതോട്ടം, 134 ഹെക്ടർ ഘനമരതോട്ടം, 420 ഹെക്ടർ തടി ഇതര വന വിഭവതോട്ടം എന്നിവ വച്ചുപിടിപ്പിക്കുകയും സോഷ്യൽ ഫോറസ്ട്രി വിഭാഗം മുഖേന 107.82 ലക്ഷം തൈകൾ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

യൂക്കാലിപ്റ്റസ്, അക്കേഷ്യ തുടങ്ങിയ വെള്ളമൂറ്റുന്ന വൃക്ഷങ്ങൾ സോഷ്യൽ ഫോറസ്ട്രിയിൽ നിന്നും പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ടെങ്കിലും വ്യാവസായികാവശ്യങ്ങൾക്കുള്ള റാ മെറ്റീരിയൽസ് കൊടുക്കാനുള്ള തോട്ടങ്ങളിൽ ഇത്തരം വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നുണ്ട്. വിവിധ വനവൽക്കരണ പദ്ധതികളിലായി ഒന്നേകാൽ കോടിയോളം വൃക്ഷത്തൈകളും ദേശീയ വനവൽക്കരണ പദ്ധതിയിൻകീഴിൽ ഈ വർഷം 18.70 ലക്ഷം വൃക്ഷത്തൈകളും വച്ചുപിടിപ്പിച്ചിട്ടുണ്ട്. 2009-ൽ ഹരിതകേരളം പദ്ധതി പ്രകാരം 31.40 ലക്ഷം തൈകൾ എല്ലാ പഞ്ചായത്തുകൾക്കുമായി വിതരണം ചെയ്തിട്ടുണ്ട്. എൻ.ആർ.ഇ.ജി. സ്കീം പ്രകാരം ഹരിത കേരളം പദ്ധതിയിൽ എല്ലാ ഫണ്ടുകളും ഉപയോഗപ്പെടുത്തി പഞ്ചായത്തുകൾക്ക് കൂടുതൽ വനവൽക്കരണ പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്. ഹരിതതീരം പദ്ധതിയുടെ ഭാഗമായി 23 ഹെക്ടർ സ്ഥലത്ത് കണ്ടൽക്കാടുകളും തീരപ്രദേശങ്ങളിൽ 106 ഹെക്ടർ സ്ഥലത്ത് വൃക്ഷത്തൈകളും വച്ചുപിടിപ്പിച്ചിട്ടുണ്ട്. ബന്ധപ്പെട്ട പഞ്ചായത്ത് മെമ്പർ കൺവീനറായുള്ള തീരസംരക്ഷണ/വൃക്ഷസംരക്ഷണ സമിതികൾക്കാണ് അവയുടെ സംരക്ഷണ ചുമതല. 2010-11 വർഷത്തിൽ 60 ലക്ഷം വൃക്ഷത്തൈകൾ വനംവകുപ്പും ഏകദേശം 10 ലക്ഷം തൈകൾ ഗ്രാമപഞ്ചായത്തുകളും ഉൽപ്പാദിപ്പിക്കുന്നതിനുള്ള നഴ്സറികളുടെ നിർമ്മാണപ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഔഷധ സസ്യങ്ങളും ഫലവൃക്ഷങ്ങളും പുഷ്പ വൃക്ഷങ്ങളും ഉൾപ്പെടെയുള്ള വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. കേന്ദ്ര ഗവൺമെന്റിൽ നിന്ന് ലഭിച്ച അവാർഡ് തുകകൂടി പ്രയോജനപ്പെടുത്തിക്കൊണ്ട് എന്റെ മരം പദ്ധതി നല്ല രീതിയിൽ നടപ്പാക്കുന്ന

സ്കൂളുകൾക്ക് പ്രോത്സാഹനം കൊടുക്കുന്നതിന് ഉതകത്തക്ക രീതിയിലുള്ള സ്കീം തയ്യാറാക്കുന്നതിന് ആലോചിക്കുന്നുണ്ട്. ഈ പദ്ധതി പ്രകാരം വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ച് പരിപാലിക്കുന്ന വിദ്യാർത്ഥികളെക്കൂടി ഉൾക്കൊള്ളിച്ചുകൊണ്ട് ഗ്രീൻ ക്രെഡിറ്റ് സംവിധാനം ഏർപ്പെടുത്തണമെന്ന് കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. വഴിയോര തണൽ പദ്ധതിക്ക് തൊഴിലാളികളുടെ സഹകരണം ലഭിക്കുന്നതിനുള്ള പരിശ്രമം തുടരുന്നതാണ്. ഓരോ ജില്ലയിലുമുള്ള കാവുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി ഒരു പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണെന്നും ക്ഷേത്ര വളപ്പുകളിൽ സാദ്ധ്യമായ സ്ഥലങ്ങളിലെല്ലാം കൂവളം, അശോകം തുടങ്ങിയ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള ശ്രമം നടത്തുമെന്നും വനപ്രദേശങ്ങളിലും റോഡിന്റെ വശങ്ങളിലും ഉണങ്ങി നിൽക്കുന്ന വൃക്ഷങ്ങൾ സമയബന്ധിതമായി വെട്ടിമാറ്റുന്നതിന് ആലോചിക്കുന്നുണ്ടെന്നും നശിച്ചുപോയ വൃക്ഷത്തൈകൾക്ക് പകരം വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

36 (*302) <u>വൈൽഡ് ലൈഫ് ക്രൈം ബ്യൂറോ</u>

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ കീഴിലുള്ള വൈൽഡ് ലൈഫ് ക്രൈം കൺട്രോൾ ബ്യൂറോയുടെ എറണാകുളം ജില്ലയിലെ കാക്കനാട് പ്രവർത്തിച്ച് വരുന്ന സബ് റീജിയണൽ യൂണിറ്റിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് വേണ്ടത്ര ജീവനക്കാരെയും വിദഗ്ദ്ധരെയും നിയമിക്കണമെന്നും കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെയും കേരള

അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയുടേയും വൈദഗ്ദ്ധ്യം ഉപയോഗിച്ച് ഒരു വൈൽഡ് ലൈഫ് ഫോറൻസിക് ലാബ് തുടങ്ങണമെന്ന് കേന്ദ്ര സർക്കാരിനോടാവശ്യപ്പെട്ടിട്ടുണ്ടെന്നും സഭയെ അറിയിച്ചു. വന്യജീവി കുറ്റകൃത്യങ്ങളെക്കുറിച്ചുള്ള രഹസ്യ വിവരങ്ങൾ ശേഖരിക്കുകയും കുറ്റകൃത്യത്തിന് കാരണക്കാരായവർക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിനായി പ്രസ്തുത വിവരങ്ങൾ സംസ്ഥാന സർക്കാരിനേയും ലാ എൻഫോഴ്സ്മെന്റ് ഏജൻസികളേയും അറിയിക്കുക, വന്യജീവി കുറ്റകൃത്യങ്ങൾ സംബന്ധിച്ച് ഒരു ഏകീകൃത ഡേറ്റാ ബാങ്ക് ഉണ്ടാക്കുക, 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ ഓഫീസുകളുടേയും സംസ്ഥാന സർക്കാരുകളുടേയും മറ്റ് അധികാരികളുടേയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, വിവിധ അന്താരാഷ്ട്ര കൺവെൻഷനുകളും പ്രോട്ടോകോളുകളും പ്രകാരം രൂപീകരിച്ചതോ രൂപീകരിക്കുന്നതോ ആയ ഉടമ്പടികൾ നടപ്പിലാക്കുക, അന്താരാഷ്ട്രതലത്തിൽ വന്യജീവി കുറ്റകൃത്യങ്ങൾ നിയന്ത്രിക്കുന്നതിനായി വിദേശ രാജ്യങ്ങളുടേയും ബന്ധപ്പെട്ട അന്താരാഷ്ട്ര സംഘടനകളുടേയും ഏകോപിത പ്രവർത്തനങ്ങൾക്ക് സഹായം നൽകുക, ശാസ്ത്രീയവും സാങ്കേതികവുമായ അന്വേഷണം നടത്തി വന്യജീവി കുറ്റകൃത്യം സംബന്ധിച്ച കേസ്സുകൾ വിജയകരമായി പ്രോസിക്യൂട്ട് ചെയ്യുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും കാര്യശേഷി വർദ്ധിപ്പിക്കുന്നതിനും സംസ്ഥാന സർക്കാരിന് സഹായം നൽകുക, ദേശീയവും അന്താരാഷ്ട്രീയവുമായ വന്യജീവി കേസ്സുകളിൽ കേന്ദ്രസർക്കാരിന് ഉപദേശം നൽകുക, വന്യജീവികളുമായി ബന്ധപ്പെട്ട് നിലവിലുള്ള നിയമങ്ങളിൽ മാറ്റങ്ങളോ ഭേദഗതികളോ ആവശ്യമെങ്കിൽ അവ

നിർദ്ദേശിക്കുക എന്നിവയാണ് വൈൽഡ് ലൈഫ് ക്രൈം കൺട്രോൾ ബ്യൂറോയുടെ പ്രവർത്തനലക്ഷ്യങ്ങൾ. വന്യജീവി കുറ്റകൃത്യങ്ങൾ തടയുന്നതിനായി ദക്ഷിണേന്ത്യയിലെ വനം വകുപ്പുമന്ത്രിമാരുടെ സമ്മേളനം എല്ലാ വർഷവും നടത്തുകയും തമിഴ്നാട്, കർണ്ണാടകം എന്നീ അയൽ സംസ്ഥാനങ്ങളിലെ വനം, പോലീസ് വകുപ്പുകളിൽനിന്നുള്ള ഉന്നത ഉദ്യോഗ സ്ഥരെ ഉൾപ്പെടുത്തി രൂപീകരിക്കുന്ന അന്തർ സംസ്ഥാന കോ-ഓർഡിനേ ഷൻ കമ്മിറ്റി സമയബന്ധിതമായി യോഗം ചേർന്ന് വനം-വന്യജീവി കുറ്റ കൃത്യങ്ങൾ തടയുന്നത് സംബന്ധിച്ചും കുറ്റവാളികളെ പിടികൂടുന്നത് സംബന്ധിച്ചും പരസ്പരം വിവരങ്ങൾ കൈമാറുകയും സഹകരണം ഉറപ്പാ ക്കുകയും ചെയ്യുന്നു. വന്യജീവി സംബന്ധമായ കുറ്റകൃത്യങ്ങൾ അമർച്ച ചെയ്യുന്നതിനായി 18-08-2000-ൽ തിരുവനന്തപുരത്ത് നടത്തിയ വനം, പോലീസ്, എക്സൈസ് വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാരുടെ ഏകദിന ശിൽപ്പശാലയിലെ നിർദ്ദേശങ്ങൾ അനുസരിച്ച് ഓരോ ജില്ലയിലും അതാത് ജില്ലാ പോലീസ് സൂപ്രണ്ട്, എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ എന്നിവർ അംഗങ്ങളും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ കൺവീനറുമായി ഒരു ദൗത്യ സംഘത്തെ 06-11-2009-ലെ ഉത്തരവ് പ്രകാരം നിയമിച്ചിട്ടുണ്ട്. സംരക്ഷണ വിഭാഗം ജീവനക്കാർക്ക് വനം വന്യജീവി കുറ്റകൃത്യങ്ങളെക്കുറിച്ച് രഹസ്യവി വരം ശേഖരിക്കുന്നതിനും കേസ്സുകളിൽ അന്വേഷണം നടത്തി കുറ്റവാളി കളെ കണ്ടെത്തുന്നതിനും ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടു ത്തുന്നതിനുമായി പോലീസ് വകുപ്പുമായി ചേർന്ന് ഒരു ശിൽപ്പശാല 20-01 -2010 മുതൽ 22-01-2010 വരെ തിരുവനന്തപുരം പോലീസ് ട്രെയിനിംഗ് കോളേജിൽ സംഘടിപ്പിക്കുകയുണ്ടായി. ജില്ലാകളക്ടർ ചെയർമാനും

പോലീസ് സൂപ്രണ്ട്, അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ, ഡിസ്ട്രിക്ട് ഗവൺമെന്റ് പ്ലീഡർ, സ്പെഷ്യൽ ബ്രാഞ്ച് പ്രതിനിധി, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ എന്നിവർ അംഗങ്ങളുമായുള്ള ഡിസ്ട്രിക്ട് ലെവൽ കോ-ഓർഡിനേഷൻ കമ്മിറ്റികളും അഡീഷണൽ ചീഫ് സെക്രട്ടറി (ആഭ്യന്തര വകുപ്പ്) ചെയർമാനും വനം വകുപ്പ് സെക്രട്ടറി വൈസ് ചെയർമാനും പോലീസ് ഡയറക്ടർ ജനറൽ, പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, പോലീസ് ഇൻസ്പെക്ടർ ജനറൽ (ഇന്റലിജൻസ് വിഭാഗം), എക്സൈസ് കമ്മീഷണർ, നിയമവിഭാഗം സെക്രട്ടറി, ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണ വിഭാഗം) എന്നിവർ അംഗങ്ങളും ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി വിഭാഗം) കൺവീനറുമായുള്ള സ്റ്റേറ്റ് ലെവൽ കോ-ഓർഡിനേഷൻ കമ്മിറ്റിയും വനം-വന്യജീവി കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള നടപടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. ഇന്റലിജൻസ് സെല്ലിനെ ശക്തിപ്പെടുത്തുകയും വനാശ്രിത സമൂഹത്തിന്റെ പങ്കാളിത്തത്തോടെയുള്ള വനം വന്യജീവി സംരക്ഷണ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകി വരികയും ചെയ്യുന്നു. മൃഗവേട്ട നടത്തുന്നവരുടെ വിവരങ്ങൾ നൽകുന്നവർക്ക് കാഷ് അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ട്. പതിവായി മൃഗവേട്ട നടത്തുന്നവരെ ഗുണ്ടാ പട്ടികയിൽപ്പെടുത്തി പിടികൂടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2009-ലെ പുതിയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഷെഡ്യൂൾ ഒന്നിൽപ്പെടാത്ത പന്നി, കുരങ്ങ് എന്നിവയുടെ ആക്രമണംമൂലം കൃഷിനാശമുണ്ടായാലും നഷ്ടപരിഹാരം നൽകുന്നുണ്ട്. വന്യജീവികളുടെ ആക്രമണംമൂലം പരിക്കേൽക്കുന്നവർക്ക് ചികിത്സാ സഹായം നൽകുകയും ഇൻഷ്വറൻസ് സ്കീം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വാളയാറിൽ

ട്രെയിൻ തട്ടി കാട്ടാനകൾ അപകടത്തിൽപ്പെടുന്നത് തടയുന്നതിന് റെയിൽവേ യുടെ സഹകരണത്തോടെ ഇലക്ട്രിഫൈഡ് ഫെൻസിംഗ് നിർമ്മിക്കുന്നതിനുവേണ്ടി 10 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. വന്യജീവി സങ്കേതങ്ങളുടേയും ദേശീയ ഉദ്യാനങ്ങളുടേയും സംരക്ഷണ/പരിപാലനത്തിന് കേന്ദ്രസർക്കാർ ഉദാര സമീപനമാണ് സ്വീകരിക്കുന്നതെന്നും 2003-ലെ നാട്ടാന പരിപാലന ചട്ടം നടപ്പാക്കിയാലേ ഉത്സവങ്ങൾക്ക് ആനകളെ പങ്കെടുപ്പിക്കുന്ന കാര്യത്തിൽ നിയന്ത്രണം ഏർപ്പെടുത്താൻ കഴിയുകയുള്ളൂവെന്നും വനഭൂമിയോട് ചേർന്നുള്ള കൃഷിഭൂമിയിൽ ആന ഉൾപ്പെടെയുള്ള വന്യമൃഗങ്ങളുടെ കൃഷിനാശം തടയു ന്നതിന് ട്രെഞ്ച് നിർമ്മാണം ഉൾപ്പെടെയുള്ള പ്രതിരോധ നടപടികൾ സ്വീകരി ച്ചുകൊണ്ടിരിക്കുകയാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

37 (*303) <u>ജലപാത നിർമ്മാണം</u>

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ) നൽകിയ മറുപടിയിൽ, കോവളം മുതൽ നീലേശ്വരം വരെയുള്ള 590 കിലോമീറ്റർ തീരദേശ ജലപാതയിൽ ദേശീയ ജലപാതയുടെ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കിലോമീറ്റർ ഒഴികെയുള്ള 422 കിലോമീറ്റർ ദൂരമുള്ള സംസ്ഥാന ജലപാതയിലെ 92 കിലോമീറ്ററിൽ പണികൾ അറേഞ്ച് ചെയ്തതിൽ 47.13 കിലോമീറ്ററിന്റെ പണികൾ പൂർത്തിയായിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. തൃശ്ശൂർ കോട്ടപ്പുറം മുതൽ പൂവത്തിൻ കടവ് വരെയുള്ള ജലപാതയുടെ 4.50 കിലോമീറ്ററിന്റെ പണി പൂർത്തിയാക്കുകയും 9 കിലോമീറ്ററിന്റെ പണി നടന്നു വരികയുമാണ്. മലപ്പുറം അണ്ടത്തോട് മുതൽ പൊന്നാനി വരെയുള്ള ജല

പാതയുടെ 0.80 കിലോമീറ്ററിന്റെ പണി പൂർത്തിയാക്കുകയും 4.06 കിലോ മീറ്ററിന്റെ പണി നടന്നുവരികയുമാണ്. കണ്ണൂർ കുപ്പം നദി-പാലക്കോട് നദി-പെരുമ്പനദി-സുൽത്താൻ കനാൽ ജലപാതയുടെ 41.83 കിലോമീറ്റർ പണികൾ പൂർത്തിയാക്കിയിട്ടുണ്ട്. തിരുവനന്തപുരം-കൊല്ലം ജലപാതയുടെ 28.07 കിലോമീറ്റർ പണിയും കോഴിക്കോട് ബി.കെ. കനാൽ-ഇ.കെ. കനാൽ-വടക്കുംപാട്നദി ജലപാതയുടെ 8.99 കിലോമീറ്റർ പണിയും നടന്നുവരികയാണ്. സംസ്ഥാന ജലപാതയിൽ വടകര മുതൽ കക്കാട് വരെ 44.20 കിലോമീറ്റർ ഭാഗത്ത് പുതുതായി കനാൽ നിർമ്മിക്കണം. ഇതിൽ വടകര ഭാഗത്ത് 170 കിലോമീറ്റർ ദൂരം സ്ഥലം ഏറ്റെടുക്കുകയും 132 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പരിശോധിച്ചുവരികയുമാണ്. പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം 2006-07-ൽ 58 കോടി 25 ലക്ഷം രൂപയുടെ 120 പദ്ധതികൾക്ക് ഭരണാനുമതി നൽകുകയും 79 എണ്ണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. 2007-2010 കാലയളവിൽ 151 കോടി 98 ലക്ഷം രൂപയുടെ 127 പദ്ധതികൾക്ക് ഭരണാനുമതി നൽകുകയും 35 എണ്ണം പൂർത്തിയാക്കുകയും ചെയ്തു. പന്ത്രണ്ടാം ധനകാര്യ കമ്മീഷന്റെ ധനസഹായത്തിന്റെ കാലാവധി 31-03-2010-ന് അവസാനിക്കുമെന്നതിനാൽ ആവുന്നത്ര പണികൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കനാലിന്റെ അതിർത്തി നിർണ്ണയത്തിലെ കാലതാമസം, മണൽ നീക്കംചെയ്യുന്നതിലെ പ്രശ്നങ്ങൾ, കനാലിന്റെ വശങ്ങളിലുള്ള കയ്യേറ്റക്കാരെ പുനരധിവസിപ്പിക്കുന്നതിനുണ്ടായ കാലതാമസം തുടങ്ങിയവ നിലനിൽക്കുന്നുണ്ടെന്നും ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഘട്ടം ഘട്ടമായി പണികൾ പൂർത്തീകരിക്കുന്നതാണെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. പണി പൂർത്തിയാക്കിയ സ്ഥലങ്ങളിൽ സ്വകാര്യ വള്ളങ്ങളും ബോട്ടുകളും സർവ്വീസ് തുടങ്ങിയിട്ടുണ്ട്. ദേശീയ ജലപാത

യിൽ സ്ഥാപിച്ചിരിക്കുന്ന ചീനവലകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടിക ളായിട്ടുണ്ട്. ആലപ്പുഴ പുന്നമടക്കായലിനേയും പള്ളാത്തുരുത്തി നദിയേയും തമ്മിൽ ബന്ധിപ്പിക്കുന്ന തോടിന്റെ വീതി കൂട്ടുന്ന കാര്യം പരിഗണിക്കുന്നതാ ണെന്നും വർക്കലയിലെ കനാലും തുരങ്കങ്ങളും പുനർ നിർമ്മിക്കുന്ന പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുകയാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്ന മിടാത്ത 2575 മുതൽ 2797 വരെയുള്ള ചോദ്യങ്ങളിൽ 168 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)